A1/78/2026-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള കലാമണ്ഡലം കല്പിത സർവകലാശാലയ്ക്ക് 2026-27 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് ആദ്യ ഗഡു അനുവദിച്ച ഉത്തരവ് റദ്ദ് ചെയ്ത് പുതിയ ഡി.ഡി.ഒ.-യെ ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.290/2026/CLAD തീയതി,തിരുവനന്തപുരം, 11-05-2026

---

പരാമർശം:-
1. 04.01.2021 തീയതിയിലെ 1/2021/ധന. നമ്പർ സർക്കുലർ
2. കേരള കലാമണ്ഡലം കല്പിത സർവകലാശാല രജിസ്ട്രാറുടെ 01.04.2026 തീയതിയിലെ കെ.കെ.എം.ഡി.യു// 348/2026-F2 നമ്പർ കത്ത്
3. സ.ഉ.(സാധാ)നം.3795/2026/ധന. തീയതി 18.04.2026
4. സ.ഉ.(സാധാ)നം.278/2026/സാം.കാ.വ. തീയതി 20.04.2026

**ഉത്തരവ്**

കേരള കലാമണ്ഡലം കല്പിത സർവകലാശാലയ്ക്ക് 2026-27 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ 8,87,08,000/- രൂപ (എട്ട് കോടി എൻപത്തിയേഴ് ലക്ഷത്തി എട്ടായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും ആദ്യ ഗഡു അനുവദിക്കുന്നതിന് കേരള കലാമണ്ഡലം കല്പിത സർവകലാശാല രജിസ്ട്രാർ പരാമർശം കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള കലാമണ്ഡലം കല്പിത സർവകലാശാലയ്ക്ക് 2026-27 സാമ്പത്തിക വർഷം “2205-00-101-97-00-31 (നോൺ പ്ലാൻ)” എന്ന പദ്ധതിയേതര ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും, സ്ഥാപനത്തിന്റെ STSB/PSTSB അക്കൗണ്ടുകളിൽ നിലവിലുള്ള തുക, മറ്റ് ബാങ്കുകളിൽ സൂക്ഷിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ, സ്ഥാപനത്തിൽ ബാക്കിയുള്ള തനത് ഫണ്ടിന്റെ വിവരങ്ങൾ എന്നിവയ്ക്കൊപ്പം 2025-26 വർഷത്തെ ശീർഷകങ്ങളുടെ reconciliation സമയബന്ധിതമായി പൂർത്തീകരിച്ച് അക്കൗണ്ടന്റ് ജനറലിന് അവസാനമായി സമർപ്പിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പും ലഭ്യമാക്കണമെന്ന നിബന്ധനയോടെ 1,77,41,600/- (ഒരു കോടി എഴുപത്തേഴ് ലക്ഷത്തി നാൽപത്തൊന്നായിരത്തി അറുന്നൂറ് രൂപ മാത്രം) ആദ്യ ഗഡുവായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധനകൾ പ്രകാരം കേരള

കലാമണ്ഡലം കല്പിത സർവകലാശാലയുടെ തലപ്പിള്ളി സബ് ട്രഷറിയിലുള്ള 799011400000156 എന്ന STSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി പരാമർശം (3) ഉത്തരവ് പ്രകാരം ഡി.ഡി.ഒ. ആയ സാംസ്കാരികകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ 2025-26 സാമ്പത്തിക വർഷം അനുവദിച്ച മൊത്തം തുകയുടെ വിശദമായ ചെലവ് വിവരം, ധനവിനിയോഗ സർട്ടിഫിക്കറ്റ്, അടുത്ത ഗഡുവിനുള്ള പ്രതീക്ഷിത ചെലവ് വിവരം എന്നിവയും ലഭ്യമാക്കേണ്ടതാണ്.

4. ടി ഉത്തരവ് നിലവിൽ വരുന്നതോടെ പരാമർശം (4) ഉത്തരവ് റദ്ദാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

രജിസ്ട്രാർ, കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല, തൃശ്ശൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട്, ഫോർട്ട് പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (E3444129/EDN-D1/54/2026-FIN dated 16.04.2026)
കരുതൽ ഫയൽ

Signed by
ഉത്തരവിൻ പ്രകാരം
Sheeba K P
Date: 12-05-2026 10:41:20
സെക്ഷൻ ഓഫീസർ